

## ഇരിങ്ങണ്ണൂർ
## ഹയർ സെക്കന്ററി സ്കൂൾ

ഇരിങ്ങണ്ണൂർ PO, നാദാപുരം ഉപജില്ല,വടകര വിദ്യാഭ്യാസ ജില്ല

0496 2440048

# ഉണർവ്വ്

## അക്കാദമിക് മാസ്റ്റർ പ്ലാൻ



## ഇരിങ്ങണ്ണൂർ
## ഹയർ സെക്കന്ററി സ്കൂൾ

# ഉദ്ദേശ്യ ലക്ഷ്യങ്ങൾ

- ഇരിങ്ങണ്ണൂർ ഹയർ സെക്കൻഡറി സ്ക്കൂളിനെ എല്ലാ തരത്തിലും മികവുറ്റ വിദ്യാലയമാക്കുക.
- മികവുറ്റ ബോധന പ്രക്രിയയിലൂടെ പഠനം രസകരവും ഗുണകരവും ആക്കുക.
- പ്രവർത്താനാധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുക.
- വിദ്യാർത്ഥികളിൽ ശാരീരികവും മാനസികവും ആത്മീയവുമായ വികാസം കൈവരിക്കുക.
- മൂല്യ ശോഷണം സംഭവിച്ച സമൂഹത്തിൽ, നഷ്ടപ്പെട്ട മൂല്ല്യങ്ങളെ തിരിച്ചു പിടിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.
- പഠനം പരീക്ഷാ കേന്ദ്രീകൃതം എന്നതിലുപരി മികച്ച സ്വഭാവ രൂപീകരണത്തിനും സാംസ്കാരിക രൂപീകരണത്തിലുമുള്ള ഉപാധിയാക്കി വളർത്തിയെടുക്കുക.
- പ്രകൃതിയെയും സഹജീവികളെയും സ്നേഹിക്കാൻ പഠിപ്പിക്കുക.
- കാലോചിതമായ മാറ്റങ്ങൾക്കനുസരിച്ച് വിദ്യാഭ്യാസ രീതിയിലും സമീപനത്തിലും മാറ്റങ്ങൾ വരുത്തുക.
- നൂതന സാങ്കേതിക വിദ്യകൾ ഫലപ്രദമായി ഉപയോഗിക്കാനുള്ള അവസരം മെച്ചപ്പെടുത്തുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സാധാരണ ക്ലാസ്റൂമുകളിൽ അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുക.
- മെച്ചപ്പെട്ട അധ്യാപക രക്ഷാകർതൃത്വ സംഘടന, അതിലൂടെ വിദ്യാലയത്തിന്റെ സർവ്വതോന്മുഖമായ പുരോഗതി കൈവരുത്തുക.
- വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും അധ്യാപകരിലും മികച്ച വായനാ സംസ്ക്കാരം വളർത്തിയെടുക്കുക.
- കലാ സാംസ്ക്കാരിക രംഗത്തെ പരിപോഷിപ്പിക്കുക
- കാർഷിക സംസ്ക്കാരം വളർത്തിയെടുക്കുക
- ശുചിത്വബോധം വളർത്തിയെടുക്കുക
- വിദ്യാർത്ഥികളിൽ സംഘടനാശേഷിയും നേതൃത്വ പാടവവും വളർത്തിയെടുക്കുക.
- സ്ക്കൂൾ പ്രവർത്തനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
- പഠനത്തോടൊപ്പം അഭിരുചിക്കനുസരിച്ച് എതെങ്കിലും കൈത്തൊഴിലിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുക.
- വിവിധ സ്ഥലങ്ങൾ സന്ദർശിച്ച് പഠനം ഗവേഷണാത്മകമാക്കാനുള്ള അവസരം നൽകുക.
- പരീക്ഷകളെ നിർഭയമായി നേരിടാൻ പ്രാപ്തരാക്കുക.
- ജാഗ്രത സമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക.
- ടാലന്റ്ലാബ് (പ്രതിഭാകേന്ദ്രം)കൂടുതൽ കാര്യക്ഷമമാകുക.

# ആമുഖം

നാടിന്റെ സാമൂഹിക സാംസ്കാരിക നേട്ടം കൈവരിക്കേണ്ടത് വിദ്യാലയങ്ങളിലൂടെയാണ്. നമ്മുടെ പൊതുവിദ്യാലയങ്ങൾ അതിന്റെ ഉറവിടമാകേണ്ടതുണ്ട്. എന്നാൽ ഇന്ന് പൊതുവിദ്യാലയങ്ങൾ ഒട്ടേറെ പ്രതിസന്ധികളെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. നിലനിൽപ്പുതന്നെ ചോദ്യം ചെയ്യപ്പെടുന്ന തരത്തിലുള്ള ഒരു സാമൂഹ്യ വ്യവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. അതിനാൽ വിദ്യാലയ വികസനത്തിന്റെ ഭാഗമായി ഒട്ടേറെ ആകർഷകവും ക്രിയാത്മകവും ആയ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

സ്കൂളിന്റെ സർവ്വതോമുഖമായ പുരോഗതി ഉറപ്പുവരുത്തിക്കൊണ്ട് ഇരിങ്ങണ്ണൂർ ഹയർ സെക്കൻഡറി സ്കൂളിനെ ഏറ്റവും മികച്ച വിദ്യാലയമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ്. 'മിഷൻ 100' എന്ന പദ്ധതി ആവിഷ്ക്കരിക്കുന്നത്. അതിനുള്ള അക്കാദമിക് മാസ്റ്റർ പ്ലാൻ ആണിത്. വിദ്യാലയത്തിലെ എല്ലാ വിദ്യാർത്ഥികൾക്കും പഠനത്തോടൊപ്പം കലാ,കായിക, സാംസ്കാരിക നൈപുണികളെ വികസിപ്പിക്കാനുള്ള വേദി ഒരുക്കിക്കൊണ്ട് വിദ്യാലായാന്തരീക്ഷം ആനന്ദകരമാക്കി വിദ്യാർത്ഥികളെ വിദ്യാലയത്തോടും പഠനത്തോടും ഇണക്കി ചേർക്കുക എന്ന ലക്ഷ്യമാണ് ഞങ്ങൾ പ്രധാനമായും മുന്നോട്ടുവെയ്ക്കുന്നത്. വിവിധതരത്തിലുള്ള വിദ്യാർത്ഥികളുടെ കഴിവ് പ്രോത്സാഹിപ്പിക്കുകയും അവർക്ക് വളർന്നുവരാൻ അനുകൂലമായ സാഹചര്യം ഒരുക്കിക്കൊണ്ട് അവരിലെ പ്രതിഭയെ ഉണർത്തുക എന്നതും 'മിഷൻ 100'പദ്ധതിയുടെ ലക്ഷ്യമാണ്.

## ജാഗ്രത സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക

വിദ്യാലയത്തിന്റെ അച്ചടക്കം നിലനിർത്താൻ, പഠനം രസകരവും ലളിതമാക്കാനും ഓരോ ക്ലബും ശക്തമായി പ്രവർത്തിക്കുക. ജാഗ്രത സമിതികളെ ബോധവത്ക്കരിക്കുക. നിരന്തര പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും നടപ്പിൽ വരുത്താനും നിർദേശങ്ങൾ കൊടുക്കുക.

**ലക്ഷ്യം : -**

1. വിദ്യാലയ അന്തരീക്ഷം ആച്ചടക്കമുള്ളതും ലഹരി വിമുക്തവുമാക്കിമാറ്റുക.
2. വിദ്യാർത്ഥികളുടെ ആവശ്യങ്ങളും പ്രയാസങ്ങളും പരിഹരിക്കുക
3. നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
4. മൊബൈൽ ഫോൺ, ലഹരി ഉപയോഗം ഇവയുടെ ദൂഷ്യവശങ്ങളെ കുറിച്ച് ബോധവാൻമാരാകുക
5. രക്ഷിതാക്കൾക്ക് കൗൺസിലിങ്ങ് നൽകുക
6. ലഹരി വിരുദ്ധ സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിക്കുക.

## ടാലന്റ്‌ലാബ് (പ്രതിഭാകേന്ദ്രം)

ജന്മനാൽതന്നെ ആരും പ്രതിഭകളായിട്ടല്ല ജനിക്കുന്നത്. എങ്കിലും എല്ലാവരിലും എന്തെങ്കിലും സവിശേഷമായ ഗുണങ്ങളും ശേഷികളും ഉണ്ടായിരിക്കും. കഠിനമായ ജീവിത പരീക്ഷണങ്ങളെ അതിജീവിച്ചാണ് എല്ലാവരും പ്രതിഭകളും മഹാൻമാരുമായിത്തീരുന്നത്. സമൂഹത്തിൽ പുനഃസൃഷ്ടിക്ക് നേതൃത്വം കൊടുക്കുന്ന അധ്യാപകർ തന്റെ മുന്നിലുള്ള പ്രതിഭകളെ കണ്ടെത്തുകയും അവരെ ഉന്നതിയിലെത്തിക്കാൻ ആത്മാർത്ഥമായി പ്രവൃത്തിക്കുകയും വേണം. ഓരോ വിദ്യാർത്ഥിയിലും ഒളിഞ്ഞിരിക്കുന്ന വാസനകളെ കണ്ടെത്തി അതിന് പ്രോത്സാഹനവും പരിശീലനവും നൽകണം.

**ലക്ഷ്യം :-**

1. വിദ്യാർത്ഥികളിലെ വിവിധ ശേഷികളെ കണ്ടെത്തുക.
2. കലാ സാഹിത്യ ക്യാമ്പുകൾ സംഘടിപ്പിക്കുക.
3. ശാസ്ത്ര പ്രതിഭകളെ കണ്ടെത്തുന്നതിനായി വിവിധ പരീക്ഷണങ്ങളിൽ ഏർപ്പെടാനുള്ള അവസരങ്ങൾ ഒരുക്കുക.
4. വിദ്യാർത്ഥികൾ തയ്യാറാക്കിയ ശാസ്ത്ര സാഹിത്യ, കരകൗശല ഉൽപന്നങ്ങളുടെ പ്രദർശനം സംഘടിപ്പിക്കുക.
5. ശാസ്ത്രക്യാമ്പുകളും ശാസ്ത്രജ്ഞൻമാരുമായുള്ള അഭിമുഖവും സംഘടിപ്പിക്കുക.

## ജാഗ്രത സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക

വിദ്യാലയത്തിന്റെ അച്ചടക്കം നിലനിർത്താൻ, പഠനം രസകരവും ലളിതമാക്കാനും ഓരോ ക്ലബും ശക്തമായി പ്രവർത്തിക്കുക. ജാഗ്രത സമിതികളെ ബോധവത്ക്കരിക്കുക. നിരന്തര പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും നടപ്പിൽ വരുത്താനും നിർദേശങ്ങൾ കൊടുക്കുക.

**ലക്ഷ്യം : -**

1. വിദ്യാലയ അന്തരീക്ഷം അച്ചടക്കമുള്ളതും ലഹരി വിമുക്തവുമാക്കിമാറ്റുക.
2. വിദ്യാർത്ഥികളുടെ ആവശ്യങ്ങളും പ്രയാസങ്ങളും പരിഹരിക്കുക
3. നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
4. മൊബൈൽ ഫോൺ, ലഹരി ഉപയോഗം ഇവയുടെ ദൂഷ്യവശങ്ങളെ കുറിച്ച് ബോധവാൻമാരാകുക
5. രക്ഷിതാക്കൾക്ക് കൗൺസിലിങ്ങ് നൽകുക
6. ലഹരി വിരുദ്ധ സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിക്കുക.

## ടാലന്റ് ലാബ് (പ്രതിഭാകേന്ദ്രം)

ജന്മനാൽതന്നെ ആരും പ്രതിഭകളായിട്ടല്ല ജനിക്കുന്നത്. എങ്കിലും എല്ലാവരിലും എന്തെങ്കിലും സവിശേഷമായ ഗുണങ്ങളും ശേഷികളും ഉണ്ടായിരിക്കും. കഠിനമായ ജീവിത പരീക്ഷണങ്ങളെ അതിജീവിച്ചാണ് എല്ലാവരും പ്രതിഭകളും മഹാൻമാരുമായിതീരുന്നത്. സമൂഹത്തിൽ പുനഃസൃഷ്ടിക്ക് നേതൃത്വം കൊടുക്കുന്ന അധ്യാപകർ തന്റെ മുന്നിലുള്ള പ്രതിഭകളെ കണ്ടെത്തുകയും അവരെ ഉന്നതിയിലെത്തിക്കാൻ ആത്മാർത്ഥമായി പ്രവൃത്തിക്കുകയും വേണം. ഓരോ വിദ്യാർത്ഥിയിലും ഒളിഞ്ഞിരിക്കുന്ന വാസനകളെ കണ്ടെത്തി അതിന് പ്രോത്സാഹനവും പരിശീലനവും നൽകണം.

**ലക്ഷ്യം :-**

1. വിദ്യാർത്ഥികളിലെ വിവിധ ശേഷികളെ കണ്ടെത്തുക.
2. കലാ സാഹിത്യ ക്യാമ്പുകൾ സംഘടിപ്പിക്കുക.
3. ശാസ്ത്ര പ്രതിഭകളെ കണ്ടെത്തുന്നതിനായി വിവിധ പരീക്ഷണങ്ങളിൽ ഏർപ്പെടാനുള്ള അവസരങ്ങൾ ഒരുക്കുക.
4. വിദ്യാർത്ഥികൾ തയ്യാറാക്കിയ ശാസ്ത്ര സാഹിത്യ, കരകൗശല ഉൽപന്നങ്ങളുടെ പ്രദർശനം സംഘടിപ്പിക്കുക.
5. ശാസ്ത്രക്യാമ്പുകളും ശാസ്ത്രജ്ഞൻമാരുമായുള്ള അഭിമുഖവും സംഘടിപ്പിക്കുക.

# ഞങ്ങളുടെ വിദ്യാലയം

എടച്ചേരി പഞ്ചായത്തിന്റെ വടക്ക് ഭാഗത്ത് ഇരിങ്ങണ്ണൂരിൽ 1957 ജൂൺ 7ാം തീയ്യതിയാണ് ഇരിങ്ങണ്ണൂർ ഹൈസ്ക്കൂൾ പ്രവർത്തനം തുടങ്ങിയത്. 1958 ൽ അന്നത്തെ മുഖ്യമന്ത്രി ശ്രീ.ഇ.എം.എസ് നമ്പൂതിരിപ്പാട് സ്ക്കൂൾ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചു.

1959-ഇപ്പോൾ പ്രവർത്തിച്ചുവരുന്ന സ്ഥലത്ത് സ്ക്കൂൾ ആരംഭിച്ചു. 2000 ആഗസ്റ്റ് ഒന്നു മുതലാണ് ഇരിങ്ങണ്ണൂർ ഹൈസ്ക്കൂൾ, ഇരിങ്ങണ്ണൂർ ഹയർസെക്കൻഡറി സ്ക്കൂളായത്.

അഞ്ച് മുതൽ ഹയർസെക്കൻഡറി വരെയുള്ള ക്ലാസുകളിലുമായി 1500ൽപരം വിദ്യാർത്ഥികൾ ഇവിടെ പഠിച്ചു വരുന്നു. ആദ്യമായി എസ്.എസ്.എൽ.സി പരീക്ഷയിൽ 52% വിജയമാണ് ലഭിച്ചത്. പിന്നീട് അത് പടിപടിയായി ഉയർന്ന് 100% ൽ എത്തിക്കാൻ സാധിച്ചു.

ഡോക്ടർമാർ, അധ്യാപകർ, അഡ്വക്കേറ്റ്സ്, എന്നിങ്ങനെ വിവിധ മേഖലകളിൽ സേവനമനുഷ്ടിക്കുന്ന പ്രഗത്ഭരെ സ്ഥാപനം സംഭാവന ചെയ്തിട്ടുണ്ട്. സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത കമ്മിറ്റിയാണ് സ്ക്കൂൾ ഭരണം നടത്തി വരുന്നത്. ആദ്യത്തെ കമ്മിറ്റിയുടെ പ്രസിഡന്റ് മാവിലാട്ട് ഇല്ലത്ത് അപ്പു നമ്പ്യാരും മാനേജർ കൈതയിൽ അനന്തക്കുറുപ്പും സെക്രട്ടറി അണിയേരി ഗോപാലനുമായിരുന്നു.

ഇപ്പോൾ ഹയർ സെക്കൻഡറി വിഭാഗത്തിൽ 25 അധ്യാപകരും 3 ലാബ് അസിസ്റ്റന്റുമാരും, ഹൈസ്ക്കൂൾ വിഭാഗത്തിൽ 47 അധ്യാപകരും 5 അനധ്യാപകരും ജോലി ചെയ്യുന്നു. കഴിഞ്ഞ അധ്യായന വർഷത്തിൽ 10ാം തരത്തിൽ 264 വിദ്യാർത്ഥികൾ പരീക്ഷ എഴുതിയതിൽ 259 പേർ വിജയിച്ചു. 15 പേർ ഫുൾ എ പ്ലസ് ഉം 29 പേർ ഒൻപത് എ പ്ലസും നേടി. 2017 -18 അധ്യായന വർഷത്തിൽ 242 വിദ്യാർത്ഥികളാണ് എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്നത്.

# വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

പൊതു വിദ്യാലയങ്ങൾ പലതരത്തിലുള്ള പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ് കടന്നു പോകുന്നത്. അതുകൊണ്ട് തന്നെ പൊതുവിദ്യാലയങ്ങൾ മികവിന്റെ മികവിന്റെ കേന്ദ്രങ്ങളാക്കി സംരക്ഷിക്കപ്പെടേണ്ടത് അനിവാര്യമാണ്. ഓരോ വിദ്യാലയവും ആ പ്രദേശത്തെ സാംസ്ക്കാരിക കേന്ദ്രമാണെന്ന് സാധാരണ ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. പൊതുജന പങ്കാളിത്തത്തോടെ വിദ്യാലയത്തെ സമൂഹത്തിന്റെ ഭാഗമാക്കി ഉയർത്തിക്കൊണ്ടു വരണം. ഇതിനുവേണ്ടി ക്രിയാത്മകവും പ്രായോഗികവുമായ പല പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. അച്ചടക്കമുള്ള തലമുറകളെ വാർത്തെടുക്കുക വഴി നല്ലൊരു നാളേക്ക് വേണ്ടി അവരെ പ്രാപ്തരാക്കുക എന്നതും ഓരോ വിദ്യാലയത്തിന്റെയും കർത്തവ്യമാകണം.

വിദ്യാലയം തന്നെ പാഠപുസ്തകമായി കണ്ട് പ്രകൃതി സ്നേഹം, സഹജീവനം, ജനാധിപത്യ ബോധം മുതലായ ഗുണങ്ങൾ സ്വായത്തമാക്കാനുള്ള ഇടമായി മാറണം. കേവലം അക്ഷര ജ്ഞാനം, ജോലിസമ്പാദനം, സാമ്പത്തിക സ്ഥിരത എന്നതിലുപരി കുട്ടികളുടെ സർവ്വതോൻമുഖമായ വികാസമാണ് വിദ്യാഭ്യാസം ലക്ഷ്യമിടേണ്ടത്. പഠനത്തോടൊപ്പം കലാപരവും കായികപരവും സാംസ്കാരികപരവുമായ ശേഷികൾ പ്രോത്സാഹിപ്പിക്കുവാനുള്ള അവസരങ്ങൾ ഒരുക്കിക്കൊടുക്കേണ്ടതാണ്. കാർഷിക സംസ്ക്കാരം വളർത്തിയെടുക്കാനുള്ള പ്രചോദനം വിദ്യാലയത്തിൽ നിന്ന് ലഭിക്കേണ്ടതുണ്ട്. പഠനത്തോടൊപ്പം വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ച് വളരുവാനുള്ള സാഹചര്യം ഒരുക്കണം. മികച്ച വിദ്യാലയം നാടിന്റെ സമ്പത്താണ്.

# പദ്ധതിരൂപീകരണ പ്രക്രിയ

- സ്റ്റാഫ് മീറ്റിംഗിൽ പദ്ധതിയെക്കുറിച്ച് വിശദീകരിച്ചു.
- വ്യക്തിഗതമായും ശേഷം സബ്ജക്ട് കൗൺസിൽ ചേർന്ന് വിവിധ മേഖലകളായി തിരിച്ച് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ശേഖരിച്ചു.
- പി.ടി.എ എക്സിക്യൂട്ടീവ് അംഗങ്ങളിൽ പദ്ധതിയെക്കുറിച്ച് അവബോധമുണ്ടാക്കി
- പി.ടി.എ യുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിച്ച് കരട് തയ്യാറാക്കി.
- പദ്ധതിയുടെ കരട് സ്റ്റാഫ് മീറ്റിംഗിൽ ചർച്ചചെയ്ത് വേണ്ട മാറ്റങ്ങൾ വരുത്തി.
- പദ്ധതിയുടെ കരട് പി.ടി.എ എക്സിക്യൂട്ടീവ് അവതരിപ്പിച്ചു.
- പദ്ധതിയുടെ ഡി.ടി.പി എടുത്തു
- പ്രകാശനം ചെയ്തു.

# അവസ്ഥാ വിശകലനം

5ാം തരത്തിൽ പിന്നോക്കം നിൽക്കുന്ന 15 വിദ്യാർത്ഥികൾ 6,7 ക്ലാസുകളിൽ മലയാളത്തിളക്കം 27 വിദ്യാർത്ഥികൾ, 8ാം ക്ലാസ് ശ്രദ്ധ 50 വിദ്യാർത്ഥികൾ 9 ൽ നവപ്രഭ 32 വിദ്യാർത്ഥി 10ാം ക്ലാസ് 62 വിദ്യാർത്ഥികൾ പ്രത്യേക പരിഗണന ലഭിക്കേണ്ടവർ. ലൈബ്രറി 1500 ഓളം പുസ്തകങ്ങൾ നിലവിലുണ്ട്. 5 മുതൽ 9 വരെ വിദ്യാർത്ഥികൾ ടൈംടേബിൾ പ്രകാരം ലൈബ്രറി പ്രകാരം ലൈബ്രറിയിൽ ഇരുന്ന് വായിക്കാനുള്ള സൗകര്യം നിലവിലുണ്ട്. വിദ്യാരംഗം ക്ലബ് സജീവമാണ്. നിലവിൽ 11 കമ്പ്യൂട്ടർ മാത്രമുള്ള ഒരു കമ്പ്യൂട്ടർ ലാബാണ് ഉള്ളത്. ഇത് കമ്പ്യൂട്ടർ പഠനത്തെ സാരമായി ബാധിക്കുന്നു. ലഹരി വിരുദ്ധക്ലബ്, ജാഗ്രതാ സമിതി എന്നിവ കാര്യക്ഷമമായി നടക്കുന്നു. ജൈവവൈവിധ്യ ഉദ്യാനം ശൈശവാവസ്ഥയിലാണ്. വിശാലമായ കളിസ്ഥലം ഉണ്ടെങ്കിലും സാമഗ്രികൾ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ലഭിക്കുന്നില്ല. എൻ.സി.സി, സ്കൗട്ട്, ജെ.ആർ.സി, തുടങ്ങിയവ സ്കൂളിന്റെ ഭാഗമായി പ്രവർത്തിക്കുന്നു. 12 ക്ലാസ് മുറികൾ സ്മാർട്ട് ആക്കാനുള്ള പ്രാരംഭ നടപടികൾ കഴിഞ്ഞിട്ടുണ്ട്. മ്യൂസിക്കിന് പ്രത്യേക റൂമില്ല, മതിയായ ഉപകരണങ്ങളുമില്ല. കലാ മേളയിൽ സംസ്ഥാനതലം വരെ വിദ്യാർത്ഥികൾക്ക് പങ്കെടുക്കാനുള്ള അവസരം ഒരുക്കിയിട്ടുണ്ട്.

എല്ലാ വർഷവും ഫെബ്രുവരി രണ്ടാം ശനിയാഴ്ച കളിയൂഞ്ഞാൽ എന്ന പേരിൽ പ്രൈമറി ഫെസ്റ്റ് നടത്താൻ തീരുമാനിച്ചിരിക്കുന്നു. അധ്യാപക രക്ഷാകർതൃ സംഗമം, വിദ്യാർത്ഥികളുടെ ഉത്പന്ന പ്രദർശനം, കലാ പരിപാടികൾ, എന്നിവയാണ് കളിയുഞ്ഞാൽ ലക്ഷ്യമിട്ടിരിക്കുന്നത്. ഈ വർഷം ഈ പരിപാടി ഉദ്ഘാടനം ചെയ്യുന്നത് ബഹു: നാദാപുരം എം.എൽ.എ ശ്രീ.ഇ.കെ വിജയനാണ്.

ഇരിങ്ങണ്ണൂർ ഹയർസെക്കൻഡറി സ്ക്കൂളിൽ പ്ലസ് ടു വിഭാഗത്തിൽ രണ്ട് സയൻസ് ബാച്ചുകളും ഒരു ഹ്യുമാനിറ്റിസ് ബാച്ചും ഒരു കൊമേഴ്സ് ബാച്ചും ഉണ്ട്. പ്ലസ് വൺ ക്ലാസുകളിൽ സയൻസ് ബാച്ചിൽ 60 കുട്ടികൾ വീതം 120 കുട്ടികളും മറ്റുരണ്ടു ബാച്ചുകളിൽ 65 കുട്ടികൾ വീതം 130 കുട്ടികളും പ്ലസ് വൺ ക്ലാസുകളിൽ 250 കുട്ടികളും പ്ലസ് ടു ബാച്ചിൽ 4 ക്ലാസുകളിലായി 60 കുട്ടികൾ വീതം 240 കുട്ടികളും പഠിക്കുന്നുണ്ട്. ആകെ 490 കുട്ടികളുള്ള ഹയർസെക്കൻഡറി വിഭാഗത്തിൽ 4 സയൻസ് ലാബുകളും ഒരു കമ്പ്യൂട്ടർ ലാബും ഒരു ജിയോളജി ലാബുമുണ്ട്. എല്ലാ ക്ലാസുകളിലും ക്ലാസ് ലൈബ്രറി ഒരുക്കിയിട്ടുണ്ട്. കൂടാതെ ഒരു സ്മാർട്ട് റൂം, റെഫറൻസ് റൂം എന്നിവ കൂടിയുണ്ട്. എൻ.എസ്.എസ്, സൗട്ട്, തുടങ്ങിയ സന്നദ്ധ സേവന സംഘടനകൾ പ്രവൃത്തിച്ചു വരുന്നുണ്ട്. തിളക്കം, മികവ്, ആർദ്രം, ജാഗ്രത, ഹരിതം, സ്വർഗ്ഗം, എന്നിങ്ങനെ ആറ് വിഭാഗങ്ങളാണ് അക്കാദമിക് പ്രവർത്തനം ആസൂത്രണം ചെയ്തിട്ടുള്ളത്. ഓരോ വിഭാഗത്തിനും ആധ്യാപകർക്ക് ചുമതല കൊടുത്തിട്ടുണ്ട്. കൂടാതെ ഓരോ വിഷയത്തിനും പ്രത്യേകം അക്കാദമിക് ആസൂത്രണ രേഖ തയ്യാറാക്കിയിട്ടുണ്ട്.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

- എസ്.എസ്.എൽ.സി ഉന്നത വിജയം
- മറ്റു ക്ലാസുകളിലെ നിലവാരം മെച്ചപ്പെടുത്തൽ
- USS, NMMS മുതലായ മത്സര പരീക്ഷകളിലെ വിജയികളുടെ എണ്ണം വർദ്ധിപ്പിക്കുക.
- ലൈബ്രറി നവീകരണവും ഉപയോഗവും കാര്യക്ഷമമാക്കുക
- കലാ കായിക പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക
- ഭാഷാ പഠനം ആനായാസമാക്കുക
- ടാലന്റ്ലാബ് (പ്രതിഭാകേന്ദ്രം)കൂടുതൽ കാര്യക്ഷമമാകുക.
- രക്ഷാകർത്താക്കളെ സ്കൂൾ പ്രവർത്തനത്തിന്റെ ഭാഗമാക്കി മാറ്റുക
- സ്കൂൾ അന്തരീക്ഷം ശിശുസൗഹൃദവും അച്ചടക്കമുള്ളതും മാലിന്യമുത്കവുമാക്കുക
- ക്ലാസ് മുറികൾ നൂതന സാങ്കേതിക വിദ്യ ഉപയോദിക്കാൻ പ്രാപ്തമാക്കുക.
- വിദ്യാലയവും പരിസരവും പ്ലാസ്റ്റിക്ക് മുക്തമാക്കുക
- കാർഷിക സംസ്കാരം വളർത്തിയെടുക്കുക
- ജാഗ്രത സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക
- കുട്ടികളുടെ മാനസികവും ശാരീരികവുമായ ആരോഗ്യം ഉറപ്പുവരുത്തുക
- വിവിധ ലബുകളുടെ സൗകര്യവും ഉപയോഗവും വർദ്ധിപ്പിക്കുക.
- കുട്ടികളുടെ അഭിരുചിക്കനുസരിച്ച് ചെറുതൊഴിൽ ചെയ്യാനുള്ള അവസരം നൽകുക.
- ഭിന്നശേഷിക്കാരെ പരിഗണിച്ച് അവർക്കനുകൂലമായ സാഹചര്യം സാധാരണ ക്ലാസ്റൂമിൽ ഉറപ്പുവരുത്തുക.

## തിളക്കം

## പ്രവർത്തനങ്ങൾ

## എസ്.എസ്.എൽ.സി നിലവാരം മെച്ചപ്പെടുത്തൽ

### √ ഹ്രസ്വകാല പദ്ധതി

- വ്യത്യസ്ത പഠനനിലവാരമുള്ള വിദ്യാർത്ഥികളെ കണ്ടെത്തി അനുയോജ്യമായ പരിശീലനം നൽകുക.
- പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഓരോ വിഷയത്തിലും അടിസ്ഥാന കാര്യങ്ങൾ എത്തിച്ച് പഠനതാത്പര്യം വളർത്തുക. അതിലൂടെ ലളിതമായ പാഠഭാഗങ്ങൾ പഠിപ്പിക്കുക.
- ആവർത്തിച്ച് പഠനം നടത്തുക. ലളിതമായ ചോദ്യങ്ങളെ പരിചയപ്പെടുത്തുക.
- സമർത്ഥരായ സഹപാഠികളെ ഉപയോഗിച്ച് സഹപഠനം നടത്തുക.
- ലളിതമായ ചോദ്യങ്ങൾ സ്വയം തയ്യാറാക്കാൻ അവസരം നൽകുക
- പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നൽകുക
- രസകരമായ കഥകളിലൂടെ കാര്യങ്ങൾ കുട്ടികളിലേക്ക് എത്തിക്കുക.
- ചെറു പരീക്ഷകൾ നടത്തുക.
- നിശ്ചിത ചോദ്യങ്ങൾ മുൻകൂട്ടി നൽകി അതിനെ അടിസ്ഥാനമാക്കി പരീക്ഷകൾ നടത്തുക
- പിന്നോക്കക്കാർക്ക് മാത്രമായി വിവിധ ക്യാമ്പുകൾ നടത്തുക
- ഗൃഹസന്ദർശനം രക്ഷിതാക്കൾക്കുള്ള ബോധവത്ക്കരണവും നടത്തുക.
- മോട്ടിവേഷൻ ക്ലാസുകൾ നടത്തുക

√ പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക്

- പാഠഭാഗങ്ങളുടെ ആവർത്തിച്ചുള്ള പഠനം
- വിദ്യാർത്ഥികൾക്ക് തന്നെ ക്ലാസെടുക്കാനുള്ള അവസരം നൽകുക.
- പരമാവധി ചോദ്യങ്ങളും ഉത്തരങ്ങളും പരിചയപ്പെടുത്തുക
- അധിക ക്ലാസുകൾ സംഘടിപ്പിക്കുക
- പാഠഭാഗങ്ങളെ യൂണിറ്റുകളാക്കി പരീക്ഷകൾ നടത്തുക.
- ഉത്തരകടലാസുകൾ പരസ്പരം മൂല്യനിർണ്ണയം ചെയ്യാനുള്ള അവസരം നൽകുക
- വിഷയാടിസ്ഥാനത്തിൽ സംവാദങ്ങളും ചർച്ചകളും നടത്തുക
- സ്വയം ചോദ്യങ്ങൾ ചോദിച്ച് ഗ്രൂപ്പടിസ്ഥാനത്തിൽ പരീക്ഷ നടത്താനുള്ള അവസരം നൽകുക. ആരോഗ്യകരമായ മത്സരബുദ്ധി വളർത്തുക.
- മോട്ടിവേഷൻ ക്ലാസുകൾ നൽകുക
- പഠനയാത്രകൾ സംഘടിപ്പിക്കുക
- ഗൃഹസന്ദർശനം നടത്തി രക്ഷിതാക്കളെ ബോധവത്കരിക്കുക.
- അഗതി മന്ദിരങ്ങളും മറ്റും സന്ദർശിച്ച് കരുണയും സ്നേഹവും വളർത്തുക.
- പഠനവുമായി ബന്ധപ്പെട്ട ഫിലിംഫെസ്റ്റിവൽ നടത്തുക. അതുപോലുള്ള നാടകങ്ങൾ പരിചയപ്പെടുത്തുക. നാടകകളരികൾ നടത്തുക.

## √ മധ്യകാല പദ്ധതി

8 , 9 ക്ലാസുകളിലെ പഠന നിലവാരം മെച്ചപ്പെടുത്തുക.

- ജൂൺ മാസത്തിൽ പൊതുപരീക്ഷ (മുന്നറിവ് പരിശോധന) നടത്തി വിദ്യാർത്ഥികളുടെ പഠന നിലവാരം മനസിലാക്കുക
- ശ്രദ്ധ, നവപ്രഭ എന്നീ പദ്ധതികളിലെ കുട്ടികളെ തിരിച്ചറിയുക
- ഭിന്നശേഷിക്കാരെ തിരിച്ചറിയുക
- ഭാഷാ വിഷയങ്ങളിൽ അക്ഷരജ്ഞാനം ഇല്ലാത്തവർക്ക് അനുയോജ്യമായ പ്രവർത്തനം നൽകി അക്ഷരജ്ഞാനവും വായനയും വളർത്തുക.
- ഗണിതം മുതലായ ശാസ്ത്ര വിഷയങ്ങൾക്ക് അടിസ്ഥാന പാഠങ്ങൾ പകർന്നു നൽകുക
- വ്യത്യസ്തമായ പഠനാനുഭവം നൽകുക
- സ്വയം പഠനത്തിനും പഠനം വിലയിരുത്തുന്നതിനുമുള്ള അവസരങ്ങൾ നൽകുക
- പഠനത്തിൽ മിടുക്കരായ വിദ്യാർത്ഥികളെ പിയർ ടീച്ചറായി ക്ലാസുകൾ നടത്താനുള്ള അവസരം നൽകുക.
- സാഹിത്യക്യാമ്പ്, ശാസ്ത്രക്യാമ്പ് തുടങ്ങിയവ സംഘടിപ്പിക്കുക.
- പഠനയാത്രകൾ നടത്തുക
- അഭിമുഖങ്ങൾ, സെമിനാർ, സംവാദങ്ങൾ തുടങ്ങിയവ നടത്തി പഠനം ആകർഷകവും ക്രിയാത്മകവുംആക്കുക
- വായനാശീലം വളർത്തുക, സർഗ്ഗാത്മക രചനകളെ പ്രോത്സാഹിപ്പിക്കുക.

## √ ദീർഘകാല പദ്ധതി

5,6,7 ക്ലാസുകളിലെ പഠന നിലവാരം മെച്ചപ്പെടുത്തുക.

- ജൂൺ മാസത്തിൽ പൊതു പരീക്ഷ നടത്തി വിദ്യാർത്ഥികളുടെ പഠന നിലവാരം മനസിലാക്കുക
- വിവിധ നിലവാരക്കാരുടെ പഠന പ്രശ്നങ്ങൾ കണ്ടെത്തുക.
- ഭിന്നശേഷിക്കാരെ തിരിച്ചറിയുക
- അക്ഷരജ്ഞാനവും ഗണിതജ്ഞാനവും വായനയും ലഭ്യമാക്കുക.
- വിദ്യാർത്ഥികളുടെ ചുറ്റുപാടുകളും മറ്റും മനസ്സിലാക്കാൻ ഗൃഹ സന്ദർശനം നടത്തുക.
- ഓരോ കുട്ടിയെയും മനസ്സിലാക്കി വ്യക്തിഗത ശ്രദ്ധ നൽകുക.
- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി പ്രത്യേക പരിഗണന നൽകുക
- രക്ഷിതാക്കളുമായി നിരന്തരം ബന്ധപ്പെട്ട് കുട്ടികളുടെ മുഴുവൻ ദിന ഹാജരും പഠന നില വാരവും മെച്ചപ്പെടുത്തുക.
- പഠന ഗവേഷണയാത്രകളും സെമിനാറുകളും ശിൽപശാലകളും സംഘടിപ്പിക്കുക.
- കലാ കായിക മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതുവഴി മനസികവും ശാരീരികവുമായ ആരോഗ്യം ഉറപ്പുവരുത്തുക.
- ഓരോ ഘട്ടത്തിലും മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ പരിഹാര ബോധനം നൽകുക
- ഒരു അദ്ധ്യായന വർഷം ആർജിക്കേണ്ട മുഴുവൻ മൂല്യങ്ങളും നേടി എന്ന് ഉറപ്പുവരുത്തുക
- വായനാ ശീലം വളർത്തുക

## മേഖല - 3

USS, NMMS മുതലായ മത്സര പരീക്ഷകളിൽ വിജയികളുടെ എണ്ണം വർദ്ധിപ്പിക്കുക

ഉപമേഖല :- 5,6,7 ക്ലാസുകളിലെ പഠന നിലവാരം മെച്ചപ്പെട്ട കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുക.

ലക്ഷ്യം :- 1). 7ാം തരത്തിലെ പരീക്ഷയ്ക്ക് ഇരിക്കുന്ന മുഴുവൻ കുട്ടികൾക്കും യു.എസ്.എസ് ലഭിക്കുക.

2). 8ാം തരത്തിലെ എൻ.എം.എം.എസ് പരീക്ഷ എഴുതുന്ന മുഴുവൻ പേരെയും വിജയിപ്പിക്കുക.

## പ്രവർത്തനങ്ങൾ

- ജൂൺമാസം യു.എസ്.എസ് നെക്കുറിച്ച് ബോധവത്ക്കരിച്ച് ജൂലായ് മാസം നടക്കുന്ന പരീക്ഷയ്ക്ക് തയ്യാറാവുക.
- യു.എസ്.എസ് മോഡലിൽ ജൂലായ് മാസത്തിൽ 7ാം തരത്തിലെ മുഴുവൻ കുട്ടികൾക്കും പരീക്ഷ നടത്തുക
- നിശ്ചിത മാർക്കിനു മുകളിലുള്ളവരെ തിരഞ്ഞെടുക്കുക.
- തിരഞ്ഞെടുത്ത കുട്ടികൾക്ക് പരിശീലനം നൽകുക

√ ദിവസവും 8 മുതൽ 9.45 വരെ ക്ലാസുകൾ

√ അവധി ദിവസങ്ങളിൽ വിദഗ്ദരുടെ ക്ലാസുകൾ

√ മോഡൽ പരീക്ഷകൾ

√ പ്രോത്സാഹന സമ്മാനങ്ങളും അഭിനന്ദനങ്ങളും നൽകുക.

√ പ്രതിഭകളെ പരിചയപ്പെടുത്തുക

√ ശിൽപശാല സംഘടിപ്പിക്കുക

√ മാതൃകാപരീക്ഷകൾ നടത്തുക

√ പത്രപാരായണം പ്രോത്സാഹിപ്പിച്ച് അതിനെ അടിസ്ഥാനമാക്കി പ്രശ്നോത്തരികൾ നടത്തുക.

മേഖല - 4

ലൈബ്രറി നവീകരണവും ഉപയോഗവും

ഉപമേഖല :- ക്ലാസ് ലൈബ്രറി പുസ്തക കൈമാറ്റം

ലക്ഷ്യം :- 1). അധ്യാപകർക്കും കുട്ടികൾക്കും യഥേഷ്ടം പുസ്തകങ്ങൾ തിരഞ്ഞെടുത്ത് വായിക്കാനുള്ള അവസരം നൽകുക.

2). സമൂഹത്തിനു തന്നെ ഉപയോഗപ്രദമായ ലൈബ്രറി സംവിധാനം രൂപീകരിക്കുക

3). വായന പ്രോത്സാഹിപ്പിക്കുക.

## പ്രവർത്തനങ്ങൾ

- നിലവിൽ ലൈബ്രറിയിലുള്ള പുസ്തകങ്ങൾ ഏതൊക്കെ എന്ന് മനസ്സിലാക്കുക.
- അധ്യാപകർക്കും രക്ഷിതാക്കൾക്കും കുട്ടികൾക്കും അഭിരുചി മനസ്സിലാക്കി അത്തരം പുസ്തകങ്ങൾ ലഭ്യമാക്കുക

√. അധ്യാപകർക്കും രക്ഷിതാക്കൾക്കും കുട്ടികൾക്കും പുസ്തകങ്ങളുടെ പേരുകൾ നിർദേശിക്കാനുള്ള അവസരം നൽകുക

√ അഭ്യുദയകാംക്ഷികളായ പൊതു സമൂഹത്തിൽ നിന്നും അഭിപ്രായം ആരായുക.

- വായനക്കാരുടെ ഗുണങ്ങളെ കുറിച്ച് രക്ഷിതാക്കൾക്ക് ശാക്തീകരണ ക്ലാസുകൾ
- ലൈബ്രറിയിൽ ഇരുന്ന് വായിക്കാനുള്ള സൗകര്യം വിപുലീകരിക്കുക
- ആനുകാലിക പ്രസിദ്ധീകരണങ്ങൾ ലഭ്യാക്കുക
- ക്ലാസ് ലൈബ്രറിയിൽ ഒരു മാസം കുട്ടികളുടെ എണ്ണത്തിനനുസരിച്ച് പുസ്തകം വിതരണം ചെയ്ത് കൈമാറ്റം ചെയ്ത് എല്ലാവർക്കും എല്ലാ പുസ്തകവും വായിക്കാനുള്ള അവസരം നൽകുക , ആസ്വാദനക്കുറിപ്പ് ചർച്ച ചെയ്യുക.
- സാഹിത്യ നായകൻമാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക
- ക്ലാസ്സടിസ്ഥാനത്തിൽ മാഗസിനുകൾ തയ്യാറാക്കുക. പ്രോത്സാഹിപ്പിക്കുക.

മേഖല - 5

ഹയർസെക്കൻഡറി അക്കാദമിക് മേഖല

ഉപമേഖല :- പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിലെ വിജയ നിലവാരം ഉയർത്തൽ

ലക്ഷ്യം :- 1). പൊതുവായ പഠന നിലവാരം ഉയർത്തുകയും പിന്നാക്കം നിൽക്കുന്ന കുട്ടികളുടെ നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുക.

## പ്രവർത്തനങ്ങൾ

- മാസത്തിൽ ഒരിക്കൽ മോട്ടിവേഷൻ ക്ലാസുകളും കൗൺസിലിങ്ങും ഏർപ്പെടുത്തുക.
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്ക് പ്രത്യേകം പരിശീലനവും കൗൺസിലിംങ്ങും ഏർപ്പെടുത്തുക.
- മാസത്തിൽ ഒരിക്കൽ രക്ഷാകർതൃ യോഗം വിളിച്ച് കുട്ടികളുടെ പഠന നിലവാരം ബോധിപ്പിക്കുകയും വീട്ടിൽ പഠനാന്തരീക്ഷം സൃഷ്ടിക്കാനുള്ള ബോധവത്ക്കരണം നടത്തുകയും ചെയ്യുക..
- അവധി ദിവസങ്ങളിൽ പഠനക്യാമ്പുകൾ സംഘടിപ്പിക്കുക
- കൃത്യമായി ക്ലാസിൽ ഹാജരാവാത്ത കുട്ടികളെ കണ്ടെത്തുകയും കാരണങ്ങൾ മനസ്സിലാക്കി പരിഗണിക്കുകയും ചെയ്യുക.
- നിരന്തരം കുട്ടികളുടെ പഠനത്തെക്കുറിച്ച് അന്വേഷിക്കുകയും ഗൃഹസമ്പർക്കം നടത്തുകയും ചെയ്യുക.
- മുഴുവൻ വിഷയങ്ങളുടെയും സമഗ്രാസൂത്രണ രേഖ തയ്യാറാക്കുക

- ക്ലാസ് ലൈബ്രറിയിൽ ഒരു മാസം കുട്ടികളുടെ എണ്ണത്തിനനുസരിച്ച് പുസ്തകം വിതരണം ചെയ്ത് കൈമാറ്റം ചെയ്ത് എല്ലാവർക്കും എല്ലാ പുസ്തകവും വായിക്കാനുള്ള അവസരം നൽകുക , ആസ്വാദനക്കുറിപ്പ് ചർച്ച ചെയ്യുക.
- സാഹിത്യ നായകൻമാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക
- ക്ലാസ്സടിസ്ഥാനത്തിൽ മാഗസീനുകൾ തയ്യാറാക്കുക. പ്രോത്സാഹിപ്പിക്കുക.

- ആരോഗ്യം സംരക്ഷിക്കാനുള്ള നല്ല ശീലങ്ങൾ പാലിക്കുന്നതിനെക്കുറിച്ചും പ്രാഥമിക ശുശ്രൂഷകൾ നൽകുന്നതിനുവേണ്ട അവബോധം സൃഷ്ടിക്കുന്നതിനും ക്ലാസുകൾ നൽകുക.
- യോഗ മുതലായ ക്ലാസുകൾ നൽകുക
- വ്യായാമങ്ങൾ ചെയ്യാനുള്ള ഉപകരണങ്ങൾ ലഭ്യമാക്കുക
- ആയോധന കലകളിൽ പരിശീലനം നൽകുക
- ഇൻഡോർ ബാസ്ക്കറ്റ് ബോൾ കോർട്ട്, ജിംനേഷ്യം, നീന്തൽകുളം സജ്ജമാക്കുക.

മേഖല -6

## ഭാഷാപഠനം അനായാസമാക്കുക

ഉപമേഖല :- മാതൃഭാഷയ്ക്ക് പുറമെ മറ്റുഭാഷകളും സംസാരിക്കാനും എഴുതാനും വായിക്കാനും കഴിയുക.

ലക്ഷ്യം

- മലയാളം, ഇംഗ്ലീഷ്, ഹിന്ദി, അറബി, ഉറുദു, സംസ്കൃതം എന്നീ ഭാഷകൾ അനായാസം കൈകാര്യം ചെയ്യുക.
- വിവിധ ഭാഷകളിലെ പുസ്തകങ്ങൾ വായിക്കുന്നതിന്
- ജീവിത വിജയത്തിന് ഭാഷ തടസ്സമാകാതിരിക്കാൻ
- മറ്റു ഭാഷകളിലുള്ള പരിപാടികൾ കേട്ടും കണ്ടും മനസ്സിലാക്കാൻ
- ഭാഷാ പഠനത്തിൽ പിന്നോക്കമുള്ളവരെ കണ്ടെത്തി മുഖ്യധാരയിൽ എത്തിക്കാൻ

## പ്രവർത്തനങ്ങൾ

- വായന, എഴുത്ത്, സംവാദം മുതലായവ നടത്തി അക്ഷരജ്ഞാനമില്ലാത്ത കുട്ടികളെയും അക്ഷരവൈകല്യമുള്ളവരെയും കണ്ടെത്തുക.(ജൂൺ ആദ്യവാരം)

# 2. മികവ്

## മേഖല :- ഹയർസെക്കൻഡറി വിഭാഗം അക്കാദമിക്

ഉപമേഖല :- പ്ലസ് വൺ, പ്ലസ് ടു വിഭാഗം പഠനേതര നേട്ടങ്ങൾ ഉയർത്തൽ

ലക്ഷ്യം : - കുട്ടികളുടെ ശാസ്ത്ര,കലാ കായിക മികവുകൾ കണ്ടെത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുക. ടാലന്റ് ലാബ്

## പ്രവർത്തനങ്ങൾ

- ശാസ്ത്ര, കലാ, കായിക ക്ലബുകൾ രൂപീകരിക്കുക
- മികവുകൾ തിരിച്ചറിയാനുള്ള അവസരങ്ങൾ സൃഷ്ടിക്കുക
- മികവുള്ള കുട്ടികളെ തിരിച്ചറിഞ്ഞ് അവരുടെ രക്ഷിതാക്കളെ ധരിപ്പിക്കുകയും വേണ്ട പ്രോത്സാഹനം കൊടുക്കാനുള്ള അവസരങ്ങൾ ഒരുക്കുകയും ചെയ്യുക.
- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പി.ടി.എ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവയുടെ സഹകരണത്തോടെ പരിശീലനം കൊടുക്കുക.
- കലാ, കായിക ശാസ്ത്ര മേഖലകളിൽ മാസത്തിൽ ഒരിക്കൽ ഓരോന്നിലും ഒരു മത്സരം നടത്തി വിജയികൾക്ക് സ്കൂൾ അസംബ്ലിയിൽ വെച്ച് അംഗീകാരം നൽകുക.

## പ്രതീക്ഷിത നേട്ടങ്ങൾ

1).ശാസ്ത്ര, കലാ, കായിക മേളകളിൽ മികച്ച നേട്ടം

2).മികവുള്ള എല്ലാ കുട്ടികൾക്കും അവസരവും പ്രോത്സാഹനവും·പരിശീലനവും ലഭിക്കുന്നു.

മേഖല :- സ്ക്കൂൾ അന്തരീക്ഷം ശിശുസൗഹൃദവും അച്ചടക്കമുള്ളതും മാക്കുക

ഉപമേഖല :-

1. പ്ലസ് വൺ, പ്ലസ് ടു വിഭാഗം പഠനേതര നേട്ടങ്ങൾ ഉയർത്തൽ

2.അച്ചടക്കമുള്ള സമൂഹത്തെ വാർത്തെടുക്കുക

3.ശുചിത്വബോധം വളർത്തുക

ലക്ഷ്യം : -

1. കുട്ടികളുടെ ശാസ്ത്ര,കലാ കായിക മികവുകൾ കണ്ടെത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുക. ടാലന്റ് ലാബ്
2. നല്ല ശീലങ്ങൾ പഠിക്കുന്നതിന്
3. വൃത്തിയും അച്ചടക്കവും ശീലമാക്കുന്നതിന്
4. സഹജീവനം , സേവന മനോഭാവം ഇവ വർദ്ധിപ്പിക്കുന്നതിന്
5. പഠനത്തിലൂടെ ജീവിത വിജയം കൈവരിക്കാനുള്ള ശേഷി വർദ്ധിപ്പിക്കുക
6. നല്ല സമൂഹത്തെ വാർത്തെടുക്കുക

## പ്രവർത്തനങ്ങൾ

- പഠനത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉറപ്പുവരുത്തുക.
- ആവശ്യമായ പഠന ഉപകരണങ്ങൾ ലഭ്യമാക്കുക
- ഗവേഷണ രീതിയിലുള്ള പഠനത്തിന് ഊന്നൽ നൽകുക
- കളികളിലൂടെയും, സ്വയം പഠനത്തിലൂടെയും പഠനം രസകരമാക്കുക.
- സ്ക്കൂൾ ഉദ്യാനവും ഉല്ലാസ ഉപകരണങ്ങളും സജ്ജമാക്കുക
- കുട്ടികളുടെ അഭിരുചിക്കനുസരിച്ച കളിസ്ഥലങ്ങളും ആവശ്യമായ കളി ഉപകരണങ്ങളും ലഭ്യമാക്കുക
- അച്ചടക്കത്തിന് പ്രത്യേക സമിതിയെ നിയമിച്ച് കുട്ടികളിൽ അച്ചടക്ക ബോധത്തിന് ക്ലാസുകൾ നൽകുക
- ക്ലാസ്സടിസ്ഥാനത്തിൽ അച്ചടക്ക, ശുചിത്വ മത്സരം ഏർപ്പെടുത്തുക
- സ്ക്കൂൾ പരിസരത്തുള്ള കടകളിലെ ജീവനക്കാർക്ക് ശുചിത്വ ബോധവൽക്കരണം നടത്തുക
- അച്ചടക്കലംഘനം നടത്തുന്ന കുട്ടികളുടെ വീടുകളിലെ സാഹചര്യം മനസ്സിലാക്കി രക്ഷിതാക്കളെ അറിയിച്ച് കുട്ടികളെ ബോധവത്ക്കരിക്കുക
- സ്ക്കൂൾ പ്രവർത്തനങ്ങളിൽ കുട്ടികൾക്കും പങ്കെടുക്കാൻ അവസരം നൽകുക
- ദിവസവും വിദ്യാഭ്യാസ മൂല്യങ്ങളെ കുറിച്ചും അച്ചടക്കത്തെക്കുറിച്ചും 10 മിനിട്ടെങ്കിലും ക്ലാസിൽ പറയുക.(ക്ലാസ് ടീച്ചർ)

# 3. ആർദ്രം

കുട്ടികളുടെ മാനസികവും ശാരീരികവുമായ ആരോഗ്യം ഉറപ്പുവരുത്തുക.

ലഹരി - മാലിന്യമുക്ത വിദ്യാലയം

ഇന്ന് സമൂഹത്തിൽ പലവിധത്തിലുള്ള ലഹരികൾക്കും ദേശവിരുദ്ധ പ്രവർത്തനത്തിലും പങ്കാളികളാവുന്ന ഒരു കാഴ്ചയിലേക്കാണ് വിരൽ ചൂണ്ടുന്നത് ഇതിന് എതിരെ വിദ്യാലയത്തിൽ ശക്തമായ ബോധവത്ക്കരണം അത്യന്താപേക്ഷിതമാണ്. ആരോഗ്യമാണ് ജീവിതത്തിന്റെ സ്പന്ദനം എന്നത് കുട്ടികളെ ബോധ്യപ്പെടുത്തുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളിൽ മുഖ്യം. ആരോഗ്യമുള്ള മനസ്സും കുടികൊള്ളാൻ അതിനുവേണ്ട സർവ്വ പ്രവർത്തനങ്ങളും വിദ്യാലയങ്ങൾ ഒരുക്കേണ്ടതുണ്ട്.

ലക്ഷ്യം : -

1. ആരോഗ്യമാണ് സമ്പത്ത് എന്നത് കുട്ടികളെ മനസ്സിലാക്കുക. ആരോഗ്യം നിലനിർത്താനും പരിപാലനത്തിനും ഊന്നൽ കൊടുക്കുക

## പ്രവർത്തനങ്ങൾ

- ആരോഗ്യക്ലബുകൾ ശക്തമായി പ്രവർത്തിക്കുക.
- ശുചിത്വം നിർന്ധമാക്കുക
- ഉച്ച ഭക്ഷണം വിഭവസമൃദ്ധവും പോഷകാഹാര സമൃദ്ധവുമാക്കുക.
- ഓരോ കുടുംബത്തെയും വിലയിരുത്തി ആവശ്യമുള്ള കുടുംബത്തിലെ കുട്ടികൾക്ക് ആരോഗ്യത്തിന് ആവശ്യമായ ഭക്ഷണം ലഭ്യമാക്കുക.
- ആരോഗ്യത്തിന് ഹാനീകരമായ പ്രവർത്തനങ്ങളിൽ നിന്നും വിദ്യാർത്ഥികളെ പിൻമാറ്റാനുള്ള ബോധവൽക്കരണം നടത്തുക.
- വിദഗ്ദമായ ആരോഗ്യ ക്ലാസുകൾ ഓരോ മാസവും സ്ക്കൂളുകളിൽ സംഘടിപ്പിക്കുക.
- കുട്ടികളുടെ ആരോഗ്യം കുടുംബത്തിന്റെ ആരോഗ്യമാണെന്ന വസ്തുത രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.
- മാനസിക ആരോഗ്യം, ശാരീരികാരോഗ്യവും നിലനിർത്താൻ പഠനത്തോടൊപ്പം നിരന്തരമായ കായിക പ്രവർത്തനത്തിൽ ഏർപ്പെടുക.
- ജീവിതശൈലി രോഗങ്ങൾ വരാതിരിക്കാൻ വ്യായാമവും ഭക്ഷണ ക്രമങ്ങളും ക്രമീകരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക.
- ഇന്ന് യുവത്വം തന്നെ ജീവിത ശൈലിരോഗങ്ങളിൽ പെട്ട് നരകിക്കുകയാണ് ഇതിനെതിരെ ശക്തമായ ബോധവൽക്കരണം നടത്തുക.

മേഖല :- ഹയർസെക്കൻഡറി വിഭാഗം അക്കാദമിക് നിലവാരം

ഉപമേഖല :-

1. പ്ലസ് വൺ, പ്ലസ് ടു വിഭാഗം കുട്ടികളുടെ ശാരീരിക മാനസികാരോഗ്യം ഉയർത്തൽ

ലക്ഷ്യം : -

1. മാനസിക പിരിമുറുക്കം, വിഷാദം, സ്വഭാവ വൈകല്യം തുടങ്ങിയവയുള്ള കുട്ടികളെ കണ്ടെത്തി പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തി കുട്ടികളിൽ മാനസികാരോഗ്യം നില നിർത്തുക.

## പ്രവർത്തനങ്ങൾ

- മാനസികാരോഗ്യ ക്ലബ് രൂപീകരിക്കുക
- മാനസികാരോഗ്യ പ്രശ്നമുള്ള കുട്ടികളെ കണ്ടെത്താനുള്ള വളണ്ടിയർമാരെ തെരഞ്ഞെടുക്കുക.
- മാനസികാരോഗ്യ പ്രശ്നമുള്ള കുട്ടികളെ കണ്ടെത്തുകയും അവരുടെ പ്രശ്നങ്ങൾ മന സ്സിലാക്കുകയും അവ രഹസ്യ സ്വഭാവത്തിൽ കൈകാര്യം ചെയ്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുക.
- ആവശ്യമാണെങ്കിൽ പുറത്തുനിന്ന് കൗൺസിലിങ് ഏർപ്പെടുത്തുക.
- വിദ്യാർത്ഥി സൗഹൃദ പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക.
- ഇത്തരം കുട്ടികളുടെ രക്ഷിതാക്കൾക്ക് ബോധവത്ക്കരണ ക്ലാസുകൾ കൊടുക്കുക.
- യോഗ, വ്യായാമം എന്നിവ പരിശീലനം കൊടുക്കുക.

## പ്രതീക്ഷിത നേട്ടങ്ങൾ

- മികച്ച വിജയശതമാനം
- മാനസികാരോഗ്യമുള്ള വിദ്യാർത്ഥികൾ

## ജാഗ്രത സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക

വിദ്യാലയത്തിന്റെ അച്ചടക്കം നിലനിർത്താൻ, പഠനം രസകരവും ലളിതമാക്കാനും ഓരോ ക്ലബ്ബും ശക്തമായി പ്രവർത്തിക്കുക. ജാഗ്രത സമിതികളെ ബോധവത്ക്കരിക്കുക. നിരന്തര പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും നടപ്പിൽ വരുത്താനും നിർദേശങ്ങൾ കൊടുക്കുക.

ലക്ഷ്യം : -

1. വിദ്യാലയ അന്തരീക്ഷം അച്ചടക്കമുള്ളതും ലഹരി വിമുക്തവുമാക്കിമാറ്റുക.
2. വിദ്യാർത്ഥികളുടെ ആവശ്യങ്ങളും പ്രയാസങ്ങളും പരിഹരിക്കുക
3. നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
4. മൊബൈൽ ഫോൺ, ലഹരി ഉപയോഗം ഇവയുടെ ദൂഷ്യവശങ്ങളെ കുറിച്ച് ബോധവാൻമാരാകുക
5. രക്ഷിതാക്കൾക്ക് കൗൺസിലിങ്ങ് നൽകുക
6. ലഹരി വിരുദ്ധ സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിക്കുക.

## ടാലന്റ് ലാബ് (പ്രതിഭാകേന്ദ്രം)

ജന്മനാൽ തന്നെ ആരും പ്രതിഭകളായിട്ടല്ല ജനിക്കുന്നത്. കലയിലും സാഹിത്യത്തിലും ശാസ്ത്രത്തിലും സവിശേഷമായ കഴിവുകളും ശേഷികളും ഉണ്ടായിരിക്കും. കഠിനമായ ജീവിതപരീക്ഷണങ്ങളെ അതിജീവിച്ചാണ് എല്ലാവരും പ്രതിഭകളും മഹാന്മാരുമായിത്തീർന്നത്. സമൂഹത്തിന്റെ പുരോഗതിയിൽ നേതൃത്വം വഹിക്കുന്ന അധ്യാപകർ തന്റെ മുന്നിലുള്ള പ്രതിഭകളെ കണ്ടെത്തുകയും അവരുടെ ഉള്ളിലെ കഴിവുകൾ ഏറ്റവും മികച്ച രീതിയിൽ പ്രവർത്തിക്കാനും വേണം. ഓരോ വിദ്യാർഥിയിലും ഒളിഞ്ഞിരിക്കുന്ന വാസനകളെ കണ്ടെത്തി അവർക്ക് പ്രോത്സാഹനവും പരിശീലനവും നൽകണം.

ലക്ഷ്യം :-

1. വിദ്യാർത്ഥികളിലെ വിവിധ ശേഷികളെ കണ്ടെത്തുക
2. കലാ സാഹിത്യ ക്ലബ്ബുകൾ സംഘടിപ്പിക്കുക.
3. ശാസ്ത്രപ്രതിഭകളെ കണ്ടെത്തുന്നതിനായി വിവിധ പരീക്ഷണങ്ങളിൽ ഏർപ്പെടാനുള്ള അവസരം നൽകുക.
4. വിദ്യാർഥികൾ തയ്യാറാക്കിയ ശാസ്ത്ര സാഹിത്യ, കലാപരമായ ഉല്പന്നങ്ങളുടെ പ്രദർശനം സംഘടിപ്പിക്കുക.
5. ശാസ്ത്രജ്ഞന്മാരുമായും ശാസ്ത്രജ്ഞന്മാരുമായുള്ള കൂടിക്കാഴ്ചയും സംഘടിപ്പിക്കുക

**മേഖല : ഹയർസെക്കൻഡറി വിഭാഗം അക്കാദമിക് നിലവാരം ഉയർത്താൻ**

**ഉപമേഖല :- പ്ലസ് വൺ, പ്ലസ് ടു, വിഭാഗം കുട്ടികളുടെ ദുശ്ശീലങ്ങൾ ഇല്ലാതാക്കാൻ**

**ലക്ഷ്യം : -**

1. ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് വിദ്യാർത്ഥികളെ വിമുക്തരാക്കുകയും മൊബൈൽ ഫോണിന്റെ ദുരുപയോഗം ഇല്ലാതാക്കുകയും ചെയ്യുക.

1. ലഹരി വിരുദ്ധ ക്ലബുകൾ രൂപീകരിക്കുക. വളണ്ടിയർമാരെ ഉപയോഗിച്ച് ലഹരി ഉപയോഗിക്കുന്ന കുട്ടികളെ കണ്ടെത്തുക.

2. ഇത്തരം കുട്ടികളെ കൗൺസിലിംഗ് ചെയ്ത് ഇതിൽ നിന്നും പിൻതിരിപ്പിക്കാനുള്ള പ്രവർത്തനം നടത്തുക.

3. ലഹരി ലഭ്യത തടയുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക

4. ലഹരി ഉപയോഗം മൊബൈൽ ദുരുപയോഗം എന്നിവയെക്കുറിച്ച് രക്ഷിതാക്കൾക്ക് ബോധവത്ക്കരണം നടത്തുക.

5. ഇതിനെക്കുറിച്ച് കുട്ടികൾക്ക് വർഷത്തിൽ രണ്ടോ മൂന്നോ ക്ലാസുകൾ സംഘടിപ്പിക്കുക.

6. മൊബൈൽ ഫോൺ സ്കൂളിൽ കൊണ്ടുവരുന്ന കുട്ടികളെയും അമിതമായി വീട്ടിൽ നിന്നും സ്മാർട്ട് ഫോൺ ഉപയോഗിക്കുന്ന കുട്ടികളെയും തിരിച്ചറിയാൻ ആന്റി സ്മാർട്ട് ഫോൺ മിസ് യൂസ് സ്ക്വാഡുകൾ രൂപീകരിക്കുക.

7. ക്ലാസുകളിൽ കയറി മൊബൈൽ ഫോൺ പിടിച്ചെടുക്കുന്നതിന് അധ്യാപകരുടെ ഒരു സ്ക്വാഡ് രൂപീകരിക്കുക.

**പ്രതീക്ഷിത നേട്ടങ്ങൾ**

1. വിദ്യാർത്ഥികളെ പഠനാന്തരീക്ഷത്തിലേക്ക് കൊണ്ടുവരാൻ കഴിയണം

2. ശാരീരികവും മാനസികവുമായ ആരോഗ്യം സൃഷ്ടിക്കാൻ കഴിയണം

## വിദ്യാലയവും പരിസരവും പ്ലാസ്റ്റിക് മുക്തമാക്കുക.

സ്കൂളും പരിസരവും പ്ലാസ്റ്റിക് നിരോധിത മേഖലയായി പ്രഖ്യാപിക്കുക.

ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ് ഉണ്ടാവുകയുള്ളൂ എന്നത് പോലെ വിദ്യാലയവും പരിസരവും മാലിന്യമുക്തമായാൽ മാത്രമേ ശരിയായ പഠനവും ശരിയായ ആരോഗ്യവും കൈവരിക്കാൻ സാധിക്കും പരിസര ശുചിത്വം, ആരോഗ്യ ശുചിത്വം സാമൂഹിക ശുചിത്വം എന്നിവ കുട്ടികളിൽ വളർത്തിയെടുക്കുക എന്നതും വിദ്യാഭ്യാസത്തിന്റെ പ്രധാന കടമയാണ്.

സ്കൂളും പരിസരവും പ്ലാസ്റ്റിക്ക് വിപത്തിന്റെ പിടിയിൽ നിന്നും പൂർണ്ണമായി മോചിപ്പിക്കുക.

### ലക്ഷ്യം : -

1. പരിസര മലിനീകരണവും ഭൂമിയുടെ സന്തുലിതാവസ്ഥയും അപകടത്തിലാക്കുന്ന പ്ലാസ്റ്റിക്കിനെ പൂർണ്ണമായും തിരസ്ക്കരിക്കാൻ വേണ്ടി കുട്ടികളെ ബോധവത്ക്കരിക്കുക. അതുവഴി സ്ക്കൂളും വീടും പരിസരവും പ്ലാസ്റ്റിക്കിന്റെ പിടിയിൽ നിന്നും പൂർണ്ണമായി മോചിപ്പിക്കുക. ഭൂമിയെത്തന്നെ പ്ലാസ്റ്റിക്ക് വിമുക്ത ഭൂമിയാക്കി മാറ്റാനുള്ള പ്രവണത കുട്ടികളിൽ വളർത്തിയെടുക്കുക. ആദ്യകാലത്ത് ജനങ്ങൾ എല്ലാകാര്യങ്ങൾക്കും അതായത് സാധനങ്ങൾ വാങ്ങാനും മറ്റും ഉപയോഗിച്ചിരുന്നത് തുണി സഞ്ചികളും പേപ്പർ ബാഗുകളുമാണ്. എന്നാൽ ഇന്ന് ആയതിന്റെ സ്ഥാനത്ത് പ്ലാസ്റ്റിക്കിന്റെ വിപ്ലവമാണ് കാണുന്നത്. ഇതിന്റെ ഭീകരതയും അപകടവും കുട്ടികളിൽ എത്തിക്കുക അവരെ ഇതിനെതിരെ പോരാടുന്ന പ്രവർത്തകരാക്കി മാറ്റുക.

### പ്രവർത്തനങ്ങൾ

1. ആരോഗ്യ ക്ലബിന്റെ നേതൃത്വത്തിൽ പ്ലാസ്റ്റിക്ക് നിർമ്മാർജനം നടപ്പിൽ വരുത്തുക.
2. മഷി നിറക്കുന്ന പേന ഉപയോഗിക്കാൻ പരിശീലിപ്പിക്കുക.
3. വീടുകളിലോ സ്ക്കൂളിലോ പ്ലാസ്റ്റിക്ക് കവറുകൾ ഉപയോഗിക്കാതിരിക്കാൻ കുട്ടികളെ ഉപയോഗിക്കുക.
4. പ്ലാസ്റ്റിക്കിന്റെ അപകടത്തെക്കുറിച്ചും അതിന്റെ ഉപയോഗം മൂലം ഉണ്ടാകുന്ന വിപത്തിനെക്കുറിച്ചും വിദഗ്ദരെക്കൊണ്ട് ക്ലാസുകൾ നൽകുക
5. തുണി സഞ്ചികളും പേപ്പർ ബാഗ്കളും ഉപയോഗിക്കാൻ കുട്ടികളെ പരിശീലിപ്പിക്കുക.
6. പ്ലാസ്റ്റിക്കിന്റെ വിപത്തിനെ കുറിച്ച് രക്ഷിതാക്കളെയും ബോധവൽക്കരിക്കുക.

## കാർഷിക സംസ്ക്കാരണം വളർത്തിയെടുക്കുക.

* കാർഷിക പഠനവും പ്രവർത്തനങ്ങളും വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കി മാറ്റുക. കൃഷിയെ ജീവിതത്തിന്റെ ഉപാധിയായും നമ്മുടെ സംസ്ക്കാരത്തിന്റെ സന്ദേശമായും കാണുക. ഓരോ വിദ്യാലയവും അറിവിന്റെ പ്രഭ പരത്തുന്ന ഗോപുരമായി മാറ്റുന്നവരോടൊപ്പംതന്നെ അവ കാർഷിക സംസ്കാരത്തിന്റെ പച്ചപ്പും കൂടി ഉൾക്കൊള്ളുന്ന സരസ്വതി ക്ഷേത്രമാക്കി മാറ്റുക. ജൈവ വൈവിധ്യ ഉദ്യാനങ്ങൾ നിർമ്മിച്ചും ജൈവ വൈവിധ്യ രജിസ്റ്റർ ഉണ്ടാക്കിയും ഹരിതവും നിർമ്മലവും നിറഞ്ഞ ഒരു വിദ്യാലയം സൃഷ്ടിക്കാൻ അധ്യാപകരും രക്ഷിതാക്കളും കുട്ടികളും കൈകോർത്തുമുന്നേറുന്ന സ്ഥിതി ഓരോ വിദ്യാലയത്തിലും ഉണ്ടായിരിക്കണം.

ലക്ഷ്യം 1 -

മണ്ണ്, വായു, ജലം, ഭക്ഷണം എന്നീ അടിസ്ഥാന ആവശ്യങ്ങൾ ലഭ്യമാക്കുന്നതിനും ജീവൻ നിലനിർത്തുന്നതിനും കൃഷി ഏറെ പ്രാമുഖ്യം വഹിക്കുന്നു എന്ന തത്വം കുട്ടികളിൽ എത്തിക്കുക. എന്റെ മണ്ണ് എന്റെ മരം, വേനൽപച്ച എന്നീ ആശയങ്ങൾ കുട്ടികളിൽ എത്തിക്കുക. പൊതുസമൂഹത്തിന്റെ ഹരിതമനസ് കുട്ടികളിലും വിദ്യാലയത്തിലും രൂപപ്പെടുത്തുക. മണ്ണിനെ സ്നേഹിക്കുന്ന കൃഷിയെ ആരാധിക്കുന്ന ഒരു തലമുറ വാർത്തെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കാൻ ശ്രമിക്കുക. അതിനുവേണ്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

### പ്രവർത്തനങ്ങൾ

1. ജൈവ കൃഷി രീതി നടപ്പിലാക്കുവാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.
2. വിഷരഹിത പച്ചക്കറികളും പൂന്തോട്ടങ്ങളും നിർമ്മിക്കുക.
3. ഓരോ ക്ലാസിന്റെയും പ്രത്യേകം പ്രത്യേകം കൃഷിത്തോട്ടങ്ങളും ഉദ്യാനങ്ങളും നിർമ്മിക്കുക.
4. ക്ലാസ് അടിസ്ഥാനത്തിൽ കൃഷി നടത്തുകയും ആരോഗ്യപരമായ കാർഷികമത്സരം വളർത്തുകയും ചെയ്യുക.
5. കാർഷിക ആയുധങ്ങളും ജൈവവളങ്ങളും സൂക്ഷിക്കാനും ഉപയോഗിക്കാനുമുള്ള ഒരു പ്രത്യേക മുറിതന്നെ സ്ക്കൂളിൽ ഉണ്ടാക്കുക.
6. ഹരിത ക്ലബിന്റെ മേൽ നോട്ടത്തിൽ കൃഷിയെ നിരന്തരമായി വിലയിരുത്തുക.
7. സ്മാർട്ട് റൂം, ലൈബ്രറി സ്പോർട്ട്സ് റൂം എന്നതുപോലെ ഹരിത ക്ലബ് റൂം എന്ന റൂം ഉണ്ടാക്കുക.
8. ഒഴിവു സമയങ്ങളിൽ കളിയോടൊപ്പം കാർഷിക പ്രവർത്തനങ്ങളും സംഘടിപ്പിക്കുക.
9. കൃഷി ഇറക്കാനും വളം ചേർക്കാനും പരിപാലനത്തിനും പ്രത്യേകം ഗ്രൂപ്പുകളെ തിരഞ്ഞെടുക്കുക.
10. മികച്ച ഗ്രൂപ്പിന് അല്ലെങ്കിൽ ക്ലാസിന് കാർഷിക അവാർഡുകൾ ഏർപ്പെടുത്തുക.

## മേഖല :- ഹയർസെക്കൻഡറി വിഭാഗം അക്കാദമിക് നിലവാരം

ഉപമേഖല :- പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിലെ കുട്ടികളുടെ പരിസ്ഥിതിയെ കുറിച്ചുള്ള അവബോധം

ലക്ഷ്യം :-

പ്ലാസ്റ്റിക് വിമുക്ത, മാലിന്യ വിമുക്ത പരിസ്ഥിതി സൗഹാർദ സമീപനം വളർത്തിയെടുക്കൽ

### പ്രവർത്തനങ്ങൾ

1. പ്ലാസ്റ്റിക് വിമുക്ത മാലിന്യ വിമുക്ത പരിസ്ഥിതി ക്ലബുകൾ രൂപീകരിക്കുക.
2. രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും ആരോഗ്യകരമായ പരിസ്ഥിതിയെ കുറിച്ച് ബോധവൽക്കരണം നടത്തുക.
3. സെമിനാറുകൾ, പ്രചരണങ്ങൾ,ദിനാചരണങ്ങൾ എന്നിവ ഫലപ്രദമായി നടത്തുക.
4. ജീവിത ശൈലിരോഗങ്ങളെക്കുറിച്ചും മണ്ണ്, വെള്ളം,വായു മലിനീകരണത്തെക്കുറിച്ചും മാസത്തിൽ ഒരിക്കൽ ക്ലാസുകളിൽ ക്യാമ്പയിൻ നടത്തുക.
5. പകർച്ചവ്യാധികളെക്കുറിച്ചും പരിസ്ഥിതിയെ കുറിച്ചും ആധികാരികമായ ക്ലാസുകൾ സംഘടിപ്പിക്കുക

### പ്രതീക്ഷിത നേട്ടങ്ങൾ

1. പരിസ്ഥിതി സൗഹൃദ സമീപനം വളർത്തിയെടുക്കാൻ കഴിയുന്നു.
2. ആരോഗ്യപരമായ ജീവിതം നയിക്കാൻ കഴിയുന്ന തരത്തിൽ ഒരു കാഴ്ചപ്പാട് വളർത്തിയെടുക്കാൻ കഴിയും

## മേഖല :- ഹയർസെക്കൻഡറി വിഭാഗം അക്കാദമിക് നിലവാരം

**ഉപമേഖല :-** പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിലെ കുട്ടികളിൽ വായനാശീലം വളർത്തിയെടുക്കുക.

**ലക്ഷ്യം :-**

കുട്ടികളുടെ വായനാശീലം വളർത്തിയെടുക്കുകയും സർഗ്ഗപരമായ രചനകൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

### പ്രവർത്തനങ്ങൾ

1. ക്ലാസ് ലൈബ്രറി ഫലപ്രദമായി ഉപയോഗിക്കാൻ വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുക
2. സർഗ്ഗ വേദി, വായനാകൂട്ടം എന്നിവ രൂപീകരിക്കുക
3. സംവാദങ്ങൾ , ശിൽപശാലകൾ സിനിമാ പ്രദർശ്ശനങ്ങൾ ക്ലാസ് മാഗസീനുകൾ എന്നിവ ഒരുക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ നടത്തുക.
4. ആനുകാലിക പ്രസിദ്ധീകരണങ്ങൾ ദിനപത്രങ്ങൾ എന്നിവ ക്ലാസ് അടിസ്ഥാനത്തിൽ വായിക്കാൻ വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുക
5. വായനാ കുറിപ്പുകൾ, പുസ്തകാവലോകനം, സിനിമ നിരൂപണം എന്നിവ അവതരിപ്പിക്കാൻ അവസരം സൃഷ്ടിക്കുക
6. ഇ വായന പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ

### പ്രതീക്ഷിത നേട്ടങ്ങൾ

1. വായനാശീലം വളർത്തിയെടുക്കാൻ കഴിയുന്നു.
2. സർഗ്ഗശേഷിയും അഭിപ്രായ രൂപീകരണവും വളർത്താൻ സഹായിക്കുന്നു.
3. അക്ഷരമറിയാത്ത കുട്ടികളെ പ്രത്യേക ക്ലാസുകൾ നൽകി അക്ഷരം പഠിപ്പിക്കുക, ചെറുകഥകളും, കഥകളും, ചിത്രകഥകളും നൽകി വായനയുടെ ലോകത്ത് കൊണ്ടുവരിക
4. ദിവസവും പത്രങ്ങൾ വായിച്ച് പ്രധാന വാർത്തകൾ എഴുതി വരാനുള്ള നിർദ്ദേശം നൽകുക വായനയും എഴുത്തും ദിവസവും പരിശോധിക്കുക
5. ക്ലാസ് മുറിയിൽ പത്രങ്ങൾ ലഭ്യമാക്കുക
6. സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകളും മറ്റു ഭാഷകൾക്ക് ഇ ക്ലാസുകളും സംഘടിപ്പിക്കുക(ആഴ്ചയിൽ ഒരിക്കൽ) ശനിയാഴ്ച

7. ഭാഷാ കിറ്റുകൾ തയ്യാറാക്കി അവതരിപ്പിക്കാൻ അവസരം നൽകുക
8. സംവാദങ്ങൾ സംഘടിപ്പിക്കുക
9. ഭാഷാ ക്ലാസുകളിലെ ആശയ വിനിമയം അതാത് ഭാഷയിൽ മാത്രം നടത്തുക
10. പരിഹാര ബോധനത്തിന് ഊന്നൽ നൽകുക

## മേഖല :- സ്ക്കൂൾ പ്രവർത്തനത്തിന് രക്ഷാകർതൃസഹകരണം ഉറപ്പാക്കുക

ഉപമേഖല :- 1. ക്ലാസ് പി.ടി.എ ശക്തിപ്പെടുത്തുക.
2. മദർ പി.ടി.എ ശക്തിപ്പെടുത്തുക.
3. സ്ക്കൂൾ പരിസരത്തുള്ള ബഹുജനങ്ങളെ ഉപയോഗപ്പെടുത്തി സ്ക്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് ശക്തിപ്പെടുത്തുക

ലക്ഷ്യം : -

1. സ്ക്കൂളിന്റെ സർവ്വതോന്മുഖമായ വികാസത്തിന് രക്ഷിതാക്കളുടെ സഹകരണം
2. സ്ക്കൂൾ സാമൂഹിക കേന്ദ്രമായി മാറ്റുക
3. കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുക
4. സ്വഭാവ രൂപീകരണം, സാമൂഹികരണം
5. പഠന മികവ് വർദ്ധിപ്പിക്കണം
6. നാട് തന്നെ സാംസ്കാരിക ഉന്നമനത്തിലെത്തിക്കുക
7. ഗൃഹാന്തരീക്ഷവും വിദ്യാലയാന്തരീക്ഷവും മെച്ചപ്പെടുത്തുക.
8. കുട്ടികളുടെ സർവ്വകാര്യങ്ങളിലും രക്ഷിതാക്കളുടെ ശ്രദ്ധയോടെയുള്ള ഇടപെടൽ

## പ്രവർത്തനങ്ങൾ

1. ക്ലാസ് പി.ടി.എ വിളിച്ചുചേർത്ത് രക്ഷിതാക്കളെ പരിചയപ്പെടുത്തുക
2. പുരുഷൻമാരായ രക്ഷിതാക്കൾക്ക് പ്രത്യേക പരിശീലനക്ലാസ് സംഘടിപ്പിക്കുക
3. മദർ പി.ടി.എ ശക്തിപ്പെടുത്തുക(ശാക്തീകരണ ക്ലാസ് നൽകുക)
4. ഓരോ രക്ഷിതാവിനും സഹായിക്കാവുന്ന മേഖലകളുടെ ശേഖരണം
5. ക്ലാസിലെ കുടുംബസംഗമം സംഘടിപ്പിക്കുക
6. രക്ഷിതാക്കൾക്ക് മനശാസ്ത്ര പരമായ ക്ലാസ് സംഘടിപ്പിക്കുക
7. രക്ഷിതാക്കൾക്കുള്ള കലാ-കായിക മത്സരങ്ങൾ സംഘടിപ്പിക്കുക
8. ആഘോഷ പരിപാടികളിൽ രക്ഷിതാക്കളുടെ പങ്ക് ഉറപ്പുവരുത്തുക
9. സ്വന്തം കുട്ടികളുടെ വിവിധ പ്രശ്നങ്ങൾ മികവുകൾ ഇവ രക്ഷിതാക്കളുമായി ചർച്ചചെയ്യാനുള്ള അവസരം സൃഷ്ടിക്കുക
10. പ്രശ്ന പരിഹാരത്തിന് രക്ഷിതാക്കളുടെ സഹകരണം
11. സ്ക്കൂൾ ലൈബ്രറി രക്ഷിതാക്കൾക്ക് ഉപയോഗിക്കാനുള്ള ഇ അവസരം നൽകുക

# 7. നൂതനം

ക്ലാസ് മുറികൾ നൂതന സാങ്കേതിക വിദ്യ ഉപയോഗിക്കാൻ പ്രാപ്തമാക്കുക

## മേഖല :- ഇൻഫർമേഷൻ ടെക്നോളജി ഉപയോഗിച്ചുള്ള പഠനം

നമ്മുടെ ലോകം ദിനം പ്രതി വികാസനത്തിലേക്ക് കുതിക്കുകയാണ്. കാലവും അകലവും തീർത്ത അതിർത്തികൾ സമൂഹത്തിൽ നിന്ന് മാഞ്ഞുകൊണ്ടിരിക്കയാണ്. പുതിയ സാങ്കേതിക വിദ്യകളുടെ ഫലമായി നമ്മുടെ ക്ലാസ് റൂമുകൾ മൾട്ടിമീഡിയ സംവിധാനങ്ങളും ഹൈടെക് സംവിധാനങ്ങളും അടങ്ങിയ സ്മാർട്ട് റൂമുകളായി മാറിക്കൊണ്ടിരിക്കുകയാണ്. ഈ മാറ്റത്തിനായി എല്ലാ വിദ്യാലയങ്ങളും കൈകോർക്കേണ്ടതാണ്.

ഉപമേഖല :- നൂതസാങ്കേതിക വിദ്യയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തൽ

## ലക്ഷ്യം : -

1. ലോകം ഇന്ന് നമ്മുടെ വിരൽതുമ്പിലാണ്. ഈ ലോകത്തിലേക്ക് സജ്ജമാക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. കമ്പ്യൂട്ടർ,മൊബൈൽഫോൺ, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ നിരന്തരമായി പരീക്ഷിച്ച വിദ്യാർത്ഥി സമൂഹത്തെയാണ് ക്ലാസ് റൂമിൽ അധ്യാപകൻ അഭിമുഖീകരിക്കേണ്ടി വരുന്നത്. വിദ്യാർത്ഥികളുടെ ഈ മേഖലയിലുള്ള അറിവിനെ യഥാർത്ഥ വഴികളിലേക്ക് തിരിച്ചുവിടുകയും അതിനെ സമൂഹത്തിന് ഫല പ്രദമായി ഉപയോഗിക്കാൻ കുട്ടിയെ പ്രാപ്തനാക്കുകയും ചെയ്യുക. ഐ.സി.ടി അധിഷ്ടിത പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക. ഈ രംഗത്ത് വിദ്യാർത്ഥികളുടെ അറിവും കഴിവും വളർത്തിയെടുക്കുക. വിവിധ ഐ.സി.ടി അധിഷ്ടിത തൊഴിൽ മേഖലകൾ ഏതൊക്കെയാണെന്ന് വിദ്യാർത്ഥികളെ മനസിലാക്കാനും സഹായിക്കാനും ഐ.സി.ടി ഉപയോഗ ക്ലാസ് മുറികളും പഠനവും വ്യാപകമാക്കുന്നതോടെ സ്കൂളുകളിലെ ഐ.ടി കൂട്ടായിമയും അതുവഴിയുള്ള പ്രവർത്തനങ്ങളും കൂടുതൽ പ്രസക്തിയും പ്രാധാന്യവും കൈവരിക്കാൻ സാധിക്കും ഡിജിറ്റൽ ലോകത്തേക്കായി വിദ്യാർത്ഥികളെ സംഭാവന നൽകാൻ സ്ക്കൂളിന് സാധിക്കും. വിദ്യാർത്ഥികളിൽ കാണുന്ന സാങ്കേതിക വിദ്യാ പ്രയോഗക്ഷമതയെ സ്ക്കൂളിലെ ഹൈടെക് പ്രവർത്തനങ്ങൾക്കു ചാലക ശക്തിയായി ഉപയോഗിക്കാനും അത് സമൂഹത്തിൽ ഐ.ടി വിപ്ലവത്തിലേക്കുള്ള മുന്നേറ്റത്തിൽ പങ്കുവഹിക്കാനും പ്രാപ്തരാക്കാനും കഴിയും.

## പ്രവർത്തനങ്ങൾ

1. സ്ക്കൂൾ സ്റ്റുഡന്റ് ഐ.ടി കോ.ഓർഡിനേറ്റർമാർക്ക് വിപുലമായ പരിശീലന പരിപാടികൾ നടപ്പിലാക്കുക.
2. ഐ.ടി സ്ക്കൂൾ പ്രോജക്റ്റ് വിജയകരമായി നടപ്പിലാക്കുക.
3. ഹായ് സ്ക്കൂൾ കുട്ടി കുട്ടിക്കൂട്ടം പദ്ധതി നടപ്പിലാക്കുക.
4. സുരക്ഷിതമായ ഇന്റർനെറ്റ് ഉപയോഗം, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയെക്കുറിച്ച് ബോധവൽക്കരിക്കുക.

5. സ്കൂൾ ന്യൂസ് ഡെസ്ക്ക് രൂപീകരിച്ച വാർത്തകൾ തയ്യാറാക്കി ഓൺലൈനിൽ പ്രസിദ്ധീകരിക്കുക.

6. കമ്പ്യൂട്ടറിന്റെ ഉപയോഗം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുക.

7. സ്മാർട്ട് ക്ലാസ് സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക.

## മേഖല :- അക്കാദമികം

ലക്ഷ്യം : -

1. വിവര സാങ്കേതികവിദ്യ ഉപയോഗിച്ച് പഠന നിലവാരം ഉയർത്തൽ

## പ്രവർത്തനങ്ങൾ

1. അധ്യാപകർക്കുള്ള ശിൽപശാല, പവർപോയിന്റ് പ്രസന്റേഷൻ, വീഡിയോ ക്ലിപ്പിംങ് ശേഖരിക്കലും തയ്യാറാക്കലും
2. വിവരസാങ്കേതികവിദ്യ ഉപയോഗിക്കുന്നതിനുള്ള അധ്യാപകർക്ക് പരിശീലനം സംഘടിപ്പിക്കുക.
3. വിവരസാങ്കേതികവിദ്യ ഉപയോഗിക്കുന്നതിനുള്ള വിദ്യാർത്ഥികൾക്കുള്ള പരിശീലനം കൊടുക്കുക.
4. സ്മാർട്ട് റൂമുകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുക.
5. ഓരോ വിഷയത്തിലും ഇന്റർനെറ്റ് വിവരങ്ങൾ, വിക്കീപീടിയ പ്രയോജനപ്പെടുത്തുക.
6. നവമാധ്യമങ്ങൾ ഉപയോഗപ്പെടുത്താൻ കുട്ടികൾക്ക് പരിശീലനം കൊടുക്കുക.

## പ്രതീക്ഷിത നേട്ടങ്ങൾ

1. വിവരസാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പഠനം വിജയശതമാനം വർദ്ധിപ്പിക്കാൻ കഴിയും.
2. ഐ.സി.ടി അധിഷ്ഠിത പഠനത്തിൽ ക്രിയാത്മകാമായി ഇടപെടാൻ കഴിയുന്നു.